No. 66415/ENG. DIV-S1-ASST-3/2017/Admn　　　　　　　　　　തിയ്യതി. 16.11.18

**ക്വട്ടേഷൻ/ലേലപരസ്യം**

(കാലിക്കറ്റ് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് വിഭാഗം ഫോൺ-0494-2407305.)

മലപ്പുറം അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിൽനിന്നും മുറിച്ചുനീക്കം ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതും കാലിക്കറ്റ് സർവകലാശാല കാമ്പസിൽ നിൽക്കുന്നതുമായ താഴെ പറയുന്ന മരങ്ങൾ സർവകലാശാല എഞ്ചിനീയറിങ് വിഭാഗത്തിൽവെച്ച് 28.11.2018 ബുധനാഴ്ച്ച 3 മണിക്ക് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. അന്നേദിവസം ഉച്ചയ്ക്ക് 2 മണി വരെ ലഭിക്കുന്ന മുദ്രചെയ്ത ക്വട്ടേഷനുകളും പരിഗണിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ കാർഡിന്റെ/പാൻകാർഡിന്റെ കോപ്പി തിരിച്ചറിയൽ രേഖയായി കൊണ്ടുവരേണ്ടതാണ്.

| മരങ്ങളുടെ വിവരണം | എണ്ണം | സ്ഥലം | നിരതദ്രവ്യം | ലേലതിയ്യതി |
|---|---|---|---|---|
| അക്കേഷ്യ | 20 | സ്പോട്സ് ഹോസ്റ്റലിനു സമീപം ഹാൻഡ്ബോൾ കോർട്ട് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് | 4,000/- | 28.11.18 |

ക്വട്ടേഷനൊടൊപ്പം തിരിച്ചറിയൽ കാർഡിന്റെ/പാൻകാർഡിന്റെ കോപ്പിയും നിരതദ്രവ്യമായി 4,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), കാലിക്കറ്റ് യൂണിവേഴ്സിറ്റി എന്നപേരിൽ അടക്കം ചെയ്യേണ്ടതുമാണ്. ക്വട്ടേഷൻ ലഭിക്കുന്നയാൾ ക്വട്ടേഷൻതുകയോടൊപ്പം നികുതിയും (ജി.എസ്.ടി 18%, വനനികുതി 5%) അടവാക്കേണ്ടതാണ്.

ലേലം/ക്വട്ടേഷൻ ലഭിച്ചയാൾ ഉത്തരവുകൈപ്പറ്റി 5 ദിവസത്തിനകം, പ്രവൃത്തിദിവസങ്ങളിൽ, രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയങ്ങളിൽ മരങ്ങൾ നീക്കം ചെയ്യേണ്ടതാണ്. യൂണിവേഴ്സിറ്റി കെട്ടിടങ്ങൾക്കോ മറ്റുവസ്തുവകൾക്കോ യാതൊരുവിധ നഷ്ടങ്ങളും വരാതെ നോക്കേണ്ടതാണ്. വീഴ്ച വരുത്തുന്നപക്ഷം ലേലംകൊണ്ടയാളിൽനിന്നും നഷ്ടം വസൂലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. യാതൊരുകാരണവും കൂടാതെ ഏതൊരു ഓഫറും സ്വീകരിക്കാനും നിരസിക്കാനുമുള്ള അധികാരം അധികൃതരിൽ നിക്ഷിപ്തമാണ്. യൂണിവേഴ്സിറ്റിയിൽ നിലവിലുള്ള എല്ലാനിയമങ്ങളും ഈ ലേലത്തിനും ബാധകമാണ്.

ലേലദിവസം പൊതുഅവധിയൊ മറ്റെന്തെങ്കിലും കാരണത്താൽ ലേലം നടത്താൻ കഴിയാതെ വരികയോ ചെയ്താൽ ടി ലേലം അടുത്ത പ്രവൃത്തിദിവസം ഇതേ സ്ഥലത്തും സമയത്തും നടത്തുന്നതായിയിരിക്കും

ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തിദിവസങ്ങളിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-1 (സിവിൽ)മായി ബന്ധപ്പെടേണ്ടതാണ്. ക്വട്ടേഷനുകളെ സംബന്ധിച്ചുള്ള അന്തിമ തീരുമാനം യൂണിവേഴ്സിറ്റി അധികൃതരിൽ നിക്ഷിപ്തമാണ്. (www.universityofcalicut.info എന്ന വെബ്സൈറ്റ് സന്ദർശിക്കുക).

എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)

നോട്ടീസ് ബോർഡ്;- എഞ്ചിനീയറിംഗ് വിഭാഗം, പരീക്ഷഭവൻ, അഡ്മിനിസ്ട്രേഷൻ

പഞ്ചായത്ത്, വില്ലേജ് ഓഫീസ്:- തേഞ്ഞിപ്പാലം, ചേലേമ്പ്ര, പള്ളിക്കൽ